മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) † ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കൊള്ളിക്കുന്നതിനു തയ്യാറാക്കിയ കരടു ലിസ്റ്റിൽ ഈ പണി ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്ലാനിംഗ് കമ്മിഷൻ പദ്ധതിയിൽ വരുത്തിയ കുറവുകളുടെ ഫലമായി ഈ പണി പ്ലാനിൽപ്പെടുത്തുവാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുകയാണ്.

ചെങ്ങന്നൂർ ചന്തത്തോട്.

* 969. [65] ശ്രീ. സി. കെ. രാമചന്ദ്രൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 9-7-54-ലെ മാവേലിക്കര സബ്ഡിവിഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ചെങ്ങന്നൂർ ചന്തത്തോട് ഇതുവരെ വെട്ടുകയോ അതിലേയ്ക്കു നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിന്റെ കാരണമെന്തു ;

(ബി) ചന്തത്തോടിനു സൗകര്യമായി കിടക്കുന്ന കോലാമുക്കു മുതൽ ഉടമാകുളം തോട്ടുവെട്ടി ഗതാഗതസൗകര്യമാക്കുന്നതിനു വേണ്ട നടപടികൾ എടുക്കുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുമോ :

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ബഡ്ജറ്റിൽ തുക കൊള്ളിക്കാഞ്ഞതിനാൽ.

(ബി) ആലോചിക്കാം.

ബി. എ. ക്കാരല്ലാത്ത സബ്ബു രജിസ്ട്രാർമാർ.

* 970. [66] ശ്രീ. സി. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ബി. എ. ക്കാരല്ലാത്ത സബ്ബു രജിസ്ട്രാർമാർ എത്ര ;

(ബി) മറ്റു ഡിപ്പാർട്ടുമെന്റിലെ ഇ. എസ്സ്. എൽ. സി. ക്കാർക്കു 80 മുതൽ 150 വരെ വിവിധ സ്കെയിലിൽ പ്രമോഷൻ ലഭിക്കുമ്പോൾ രജിസ്ട്രേഷൻ വകുപ്പിലെ ഹെഡ്ക്ലാർക്കുമാരെ മാത്രം ആ വ്യവസ്ഥയിൽ നിന്നും വേർതിരിച്ചു നിറുത്തിയിരിക്കുന്നതു എന്തുകൊണ്ടു ;

(സി) 20 വർഷത്തിനുമേൽ സർവീസുള്ള ഇ. എസ്സ്. എൽ. സി. ക്കാരെ സബ്ബു രജിസ്ട്രാറന്മാരായി നിയമിക്കാമെന്നു ജി. ഒ. ഉണ്ടായിരിക്കെ, ആ ജി. ഒ. യുടെ 1121-നു ശേഷം ആരേയും നിയമിക്കാതിരിക്കുന്നതിനുള്ള കാരണമെന്തു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) 16.

(ബി) അങ്ങനെ വേർതിരിച്ചു നിറുത്തിയിട്ടില്ല.

† Please see Appendix XXII.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആ തരത്തിലുള്ള ആളുകളെ കാണുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

First Five Year Plan.

* 971. [68] SHRI R. PONNAPPA NADAR: Will the Chief Minister be pleased to state:

(a) what is the total amount spent under the First Five Year Plan in the taluks of Thovala, Agastiswaram, Kalkulam, Vilavancode and Shencottah;

(b) what were the major irrigation schemes; and

(c) what are the other schemes and the amount spent under each head?

Chief Minister (SHRI PANAMPILLI GOVINDA MENON): (a) Taluk-war expenditure on First Five Year Plan schemes is not available.

(b) Perinchani scheme. Amount spent on the scheme is Rs. 21.85 lakhs.

(c) Benefits of schemes like Education, Fisheries, Power transmission and distribution are spread over the entire State. Taluk-war expenditure under these heads is not available.

പുതിയ ഔഷധഗവേഷണകേന്ദ്രം.

* 972. [69] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓടക്കാലി നടത്തിവരുന്ന പുതിയ ഔഷധഗവേഷണകേന്ദ്രത്തിനു കേന്ദ്രഗവണ്മെന്റിൽനിന്നും എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു;

(സി) ഈ കേന്ദ്രത്തിലോ, അതിനോടു ചേർന്നോ പുതിയ ഔഷധത്തിൽനിന്നു സുഗന്ധദ്രവ്യങ്ങൾ നിർമ്മിക്കുവാനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം): (എ) ഇല്ല.

(ബി) എ. ചോദ്യത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഫാക്ടറിയുടെ സ്ഥാനം നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly